Talented Bankers Movie Panel Review

Queen

Queen അഥവാ റാണി. അവളൊരു പാവം പെണ്ണാണ്. പാവം എന്നു പറഞ്ഞാൽ പോര പഞ്ച പാവം. അവളുടെ വിവാഹക്കാര്യം അറിഞ്ഞ പലരും പറഞ്ഞിട്ട് ഉണ്ടാകും, "ആഹാ.. മിണ്ടാ പൂച്ച കലം ഉടച്ചല്ലോ" എന്നു! അത് കേട്ട് നാണിച്ചു മുഖം കുനിച്ചു ചിരിക്കുന്ന റാണിയെ കാണുവാൻ എന്ത് ഭംഗി ആയിരിക്കുമെന്നോ?! അത്രത്തോളം സുന്ദരിയും, നാട്ടിൻപുറത്തിന്റെ പരിഷ്കാരങ്ങളും മാത്രമുള്ള ഒരു പാവം പഞ്ചാബി പെണ്ണ് ആയിരുന്നു റാണി.

വിജയ്, എന്ന ചെറുപ്പക്കാരൻ, മാസങ്ങൾ അവളുടെ പുറകെ നടന്ന്, അവളെ പ്രണയിച്ച്, അവസാനം വിവാഹം വരെ എത്തി നില്ക്കുന്ന ബന്ധത്തിൽ നിന്നും, കല്യാണത്തിന് ഏതാണ്ട് ഒരു ദിവസം മുമ്പ് പിന്മാറുന്നിടത്ത് ആണ് കഥ തുടങ്ങുന്നത്. കാരണമായി അവൻ പറയുന്നത് അവളുടെ യാഥാസ്ഥിതികത ഇനിയും വിട്ട് മാറിയിട്ട് ഇല്ലാത്ത സ്വാഭാവവും, അവന്റെ വിദേശ ജീവിത രീതിയും തമ്മിൽ ഒരിക്കലും പൊരുത്തപ്പെട്ട് പോകാൻ ഇടയില്ല എന്നത് ആണ്. കല്യാണത്തിന്റെ തലേ ദിവസം അത് മുടങ്ങി പോകുക അവളെ എത്രത്തോളം തളർത്തിക്കാണും എന്നത് നിങ്ങൾക്ക് ഊഹിക്കാവുന്നതെ ഉള്ളു. അവള് കരഞ്ഞു. മുറി അടച്ചിരുന്നു കരഞ്ഞു. അവനെ ആദ്യമായി കണ്ടത് മുതൽ, അന്നത്തെ സംഭവം വരെ ഉള്ള ഓരോന്നും ഓർത്ത് ഓർത്ത് കരഞ്ഞു. പിറ്റേന്ന്, നേരം വെളുത്തിട്ടും അവൾ ആർക്കും മുഖം കൊടുക്കാൻ കൂട്ടാക്കിയില്ല. വളരെ നിർബന്ധിച്ചു മുറിയിൽ നിന്നും അവളെ പുറത്ത് ഇറക്കി, എല്ലാവരുടെയും മുൻപിൽ കൊണ്ട് ഇരുത്തുന്നു. ജീവിതം നിരാശയുടെ അങ്ങേ അറ്റത്ത് നിൽകുന്ന നിമിഷം. നമ്മൾ ഈ ഇടെ ആയി ഒരുപാട് കേൾക്കുന്ന ഡിപ്രെഷൻ എന്ന അവസ്ഥയിൽ ഏതൊരു പെണ്കുട്ടിയും എത്തി ചേരുന്ന നിമിഷം. പക്ഷെ, അവൾ ആദ്യമായി പറയുന്നത്, തനിക്ക് തന്റെ മുടങ്ങി പോയ ഹണിമൂൺ പോകണം എന്നത് ആണ്! അവിടെ മുതൽ, ആ നിമിഷം മുതൽ സിനിമ മാറി സഞ്ചരിക്കുകയാണ്.

ഒരു സങ്കടവും ജീവിതത്തിന്റെ അവസാനം അല്ല എന്ന് പറഞ്ഞു കൊണ്ട് പിന്നീട് അവൾ, തന്റെ മുൻകൂട്ടി നിശ്ചയിച്ച ഹണിമൂണിന് "ഒറ്റക്ക്" പോകുന്നത് ആണ് ഈ സിനിമയുടെ കഥ. വഴിയിൽ അവളെ കാത്തിരിക്കുന്ന അത്ഭുതങ്ങൾ, സന്തോഷങ്ങൾ അവ ഞാൻ പറയുന്നില്ല. കാരണം സിനിമ കാണാത്തവർ ആരെങ്കിലും ഇത് വായിക്കുന്നു എങ്കിൽ അവർ അത് കണ്ട് തന്നെ അറിയട്ടെ എന്നത് തന്നെ!
തകർച്ചയുടെ ഒരു രാത്രി ഉറങ്ങിയോ, ഉറങ്ങാതെയോ നേരം വെളുപ്പിച്ചു, പിന്നീട് അങ്ങോട്ട് വളരെ പോസിറ്റീവ് ആയി,

കൗതുകകരമായി ചിന്തിക്കാം എന്ന് പറയുന്ന ഈ സിനിമ നൽകുന്നത് വെറും ഒരു ആസ്വാദന അനുഭവം മാത്രമല്ല. പകരം, ഓരോ വഴിത്തിരിവുകളും, നിരാശകളും, സങ്കടങ്ങളും നമുക്കായി ഇനിയുള്ള വഴികളിൽ എവിടെയോ മറ്റൊരു മനോഹരമായ നിമിഷം കരുതി വെച്ചിട്ട് ഉണ്ടാകും എന്ന പാഠം കൂടിയാണ്!
ഒരല്പം അതിശയോക്തി കലർത്തി പറഞ്ഞാൽ, ഇതിലെ റാണി യഥാർത്ഥ ജീവിതത്തിൽ കങ്കണ റാവത്ത് ആയി അഭിനയിച്ചു വരുന്നു! അവരോട് ഒപ്പം രാജ്കുമാർ റാവുവും, ലിസ ഹെയ്ഡനും ഒക്കെ ഈ സിനിമയിൽ മികച്ച പ്രകടനം തന്നെ ആണ് കാഴ്ച വെച്ചിരിക്കുന്നത് എന്ന് പറയാതെ വയ്യ.
2013 ൽ ഹിന്ദിയിൽ അധികം പറഞ്ഞു ശീലിച്ചിട്ടില്ലാത്ത, ഒരു പെണ്കുട്ടിയുടെ self- discovery എന്ന വിഭാഗത്തിൽ പെടുത്താവുന്ന, ഹിന്ദിയിൽ ആ സമയത്ത് ഇറങ്ങിയ മറ്റ് സിനിമകളെ അപേക്ഷിച്ചു, താരതമ്യേന ചിലവ് കുറഞ്ഞതും, താര മൂല്യം കുറഞ്ഞതും ആയ ഈ സിനിമ box ഓഫിസ് കണ്ടിട്ട് ഉള്ളതിൽ വെച്ചു ഒരു genuine word- of- mouth hit എന്നാണ് അറിയപെടുന്നത്. വികാസ് ബഹ്ൽ കഥയും തിരക്കഥയും സംവിധാനവും നിർവഹിച്ച ഈ "സ്ത്രീ പക്ഷ" സിനിമയുടെ കഥയിൽ മാത്രമല്ല, കാസ്റ്റിങ്, തിരക്കഥ, സംവിധാന സഹായം തുടങ്ങി അണിയറയിലും വ്യക്തമായ സ്ത്രീ സാന്നിധ്യം കാണുവാൻ സാധിക്കുന്നുണ്ട്. അതിൽ തന്നെ, സംഭാഷങ്ങൾ എഴുതിയ അൻവിക ദത്തിനെ (ഈ അടുത്ത് ഇറങ്ങി ഒരു netflix വിജയം ആയ ബുൾ ബുൾ എന്ന സിനിമയുടെ സംവിധായക) എടുത്തു പറയേണ്ടത് ഉണ്ട്. പക്ഷേ, വിധി വൈപരിതം എന്തെന്നാൽ വർഷങ്ങൾക്ക് ശേഷം ഇതേ സിനിമയുടെ ഷൂട്ടിംഗ് സമയത്തെ സ്ത്രീകളോട് ഉള്ള മോശമായ പേരുമാറ്റങ്ങളെ കുറിച്ചും ,ലൈംഗിക ചൂഷണങ്ങളെ കുറിച്ചും വലിയ തോതിൽ വിവാദങ്ങൾ ഉണ്ടായി എന്നതാണ്. പക്ഷെ, എന്തൊക്കെ അപവാദങ്ങൾ പറഞ്ഞാലും മനസ്സിന് ഒരു " positive energy" തരുന്ന സിൻമകളുടെ ലിസ്റ്റ് എടുത്താൽ, ക്യൂൻ എന്ന ഈ സിനിമ മുന്നിൽ തന്നെ ഉണ്ടാകും എന്നതിൽ സംശയമില്ല!
Netflix Link : https://www.netflix.com/title/80032081?s=a&trkid=13747225...

By
Jithin Sreedhar